**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 219** **23-08-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ആശുപത്രികൾ ഈടാക്കുന്ന അമിത ചികിത്സാ നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചില സ്വകാര്യ ആശുപത്രികൾ രോഗികളിൽ നിന്നും അമിത നിരക്ക് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ അമിത നിരക്ക് ഈടാക്കിയതുമായി ബന്ധപ്പെട്ട ലഭിക്കുന്ന പരാതികൾ, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് 2018 പ്രകാരം അതത് ജില്ലയിൽ രൂപീകരിച്ചിട്ടുള്ള ജില്ലാ രജിസ്റ്ററിംഗ് അതോറിറ്റികൾക്ക് അന്വേഷണത്തിനായി കൈമാറുകയും, അനന്തരനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ബി) | സ്വകാര്യ ആശുപത്രികളിലെ ചികിത്സ ഉൾപ്പെടെയുള്ള വിവിധ സേവനങ്ങൾക്ക് ഈടാക്കുന്ന നിരക്ക് നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ? | (ബി) | കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം 01/01/2019 മുതൽ കേരളത്തിലെ സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളുടെയും ഓൺലൈൻ താല്ക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് 2018 പ്രകാരം ലാബുകളുടെയും ആശുപത്രികളുടെയും രജിസ്ട്രേഷനുള്ള പ്രധാനപ്പെട്ട ഉപാധിയാണ് അതത് ക്ലിനിക്കൽ സ്ഥാപനങ്ങളിൽ നിന്ന് നൽകി വരുന്ന സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ് നിരക്ക് പ്രദർശിപ്പിക്കുക എന്നുള്ളത്. പ്രസ്തുത നിരക്ക് രോഗികളുടെയും ബന്ധുകളുടെയും അറിവിലേക്കായി ആ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന സ്ഥലത്തു ഇംഗ്ലീഷിലും മലയാളത്തിലും അച്ചടിച്ചോ ഡിജിറ്റൽ ആയോ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. ഔദ്യോഗിക വെബ് സൈറ്റ് ഉള്ള സ്ഥാപനങ്ങൾ നിരക്കുകൾ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത വെബ് സൈറ്റ് സന്ദർശിക്കേണ്ട വിലാസവും വിധവും സാധാരണക്കാർക്കു കൂടി മനസിലാകത്തക്ക വിധത്തിൽ ഇംഗ്ലീഷിലും മലയാളത്തിലും പ്രദർശിപ്പിച്ചിരിക്കേണ്ടതുമാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ